(ഡി) സർക്കാരിനെ പ്രതിനിധീകരിച്ച് ധനകാര്യ വകുപ്പിൽനിന്നും ധനകാര്യ വകുപ്പ് (എക്സ്പെൻഡിച്ചർ) സെക്രട്ടറി ശ്രീ. രാജേഷ് കുമാർ സിൻഹ, ടൂറിസം വകുപ്പ് മുൻ ഡയറക്ടർ ശ്രീ. ഹരികിഷോർ എസ്., കെ.റ്റി.ഐ.എൽ. മാനേജിംഗ് ഡയറക്ടർ ശ്രീ. അനിൽ കുമാർ എസ്. എന്നിവരാണ് ഇപ്പോൾ ബോർഡിൽ ഉള്ളത്. ഇങ്ങനെയൊരു ആക്ഷേപം ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കാലടി - മലയാറ്റൂർ - അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ

292(4579) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് 44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയ കാലടി - മലയാറ്റൂർ - അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ?

(ബി) ഇത് എന്നത്തേയ്ക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി കോമ്പറ്റിറ്റീവ് ബിഡ്ഡിംഗിലൂടെ തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജിറ്റ്പാക് ഇന്റർനാഷണൽ എന്ന ഏജൻസിയെ തെരഞ്ഞെടുത്ത് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 6 മാസ കാലാവധി നിശ്ചയിച്ചുകൊണ്ട് 2014 ഒക്ടോബർ മാസം 21-ാം തീയതിയാണ് കൺസൾട്ടന്റുമായി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുള്ളത്.

ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതി

293 (4580) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly